**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** **07-12-2022 - ൽ മറുപടിയ്ക്ക്**

**ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ നബാർഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നബാർഡ് സ്കീമിൽപ്പെടുത്തി ഫണ്ട് അനുവദിച്ച് നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം അനിശ്ചിതമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതികളുടെ പൂർത്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (എ) | ആറളം ആദിവാസി പുനരധിവാസ മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തികൾ കോവിഡ് പ്രതിസന്ധി കാരണവും, പ്രതികൂല കാലാവസ്ഥ മൂലവും കരാർ കാലയളവിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.<br><br>നബാർഡ് 22 സ്കീമിലുൾപ്പെട്ട ആറളം സമഗ്ര വികസന പദ്ധതിക്ക് 42.68 കോടി രൂപയുടെ ഭരണാനുമതിയും 38.02 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി യിട്ടുള്ളതാണ്. കിറ്റ്കോ നിർവഹണ ഏജൻസിയായ ഈ പദ്ധതി 38.02 കോടി രൂപക്ക് West construct എന്ന സ്ഥാപനമാണ് കരാർ ഏറ്റെടുത്തത്. 25.02.19 മുതൽ 18 മാസമായിരുന്നു കാലാവധി.<br><br>പദ്ധതി നിർമ്മാണം പുരോഗമിച്ച വന്ന അവസരത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിലെ ചില ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടും ചില ഘടകങ്ങൾ അധികമായി ഉൾപെടുത്തികൊണ്ട് എസ്റ്റിമേറ്റ് പുതുക്കേണ്ടി വന്നതും നിർമ്മാണ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. നബാർഡ് RIDF-22 പദ്ധതിയുടെ കാലാവധി 31.03.2023 വരെ നീട്ടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നബാർഡ് നിഷ്കർഷിച്ച സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ